**D 11485-A** (Pages : 4) Name.....................................

Reg. No.....................................

# THIRD SEMESTER P.G. (CBCSS) DEGREE [REGULAR] EXAMINATION NOVEMBER 2020

(SDE)

Malayalam

SKT 3E 08—BASIC SANSKRIT

(2019 Admissions)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| Date of Examination : | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

CHMK LIBRARY UNIVERSITY OF CALICUT

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

## SKT 3E 08—BASIC SANSKRIT

Multiple Choice Questions :

1. आभीरकुमारस्य नाम किमासीत् ?

   (A) गोविन्दः (B) गोपालः

   (C) रामः (D) शङ्करः

2. ग्रामवसीनां गाश्चारयति ?

   (A) गोविन्दः (B) गोपालः

   (C) रामः (D) शङ्करः

3. आभीरकुमारस्य वसतिः कीदृशमासीत् ?

   (A) प्रासादः (B) कुटीरम्

   (C) गृहम् (D) भवनम्

4. बालकः कीदृशः आसीत् ?

   (A) धीमान् (B) मूर्खः

   (C) शूरः (D) धीरः

5 माणवक इति पदस्य कः अर्थः ?

   A) छात्रः (B) अध्यापकः

   (C) पिता (D) माता

6. धर्मात्मा वाक्यविशारदः कः ?

   (A) वाल्मीकिः (B) रामः

   (C) नारदः (D) ब्रह्मा

CHMK LIBRARY UNIVERSITY OF CALICUT

7. कः देवलोकं गतः ?

(A) रामः
(B) नारदः
(C) ब्रह्मा
(D) वाल्मीकिः

8. क्रौञ्चमिथुनं कः ददर्श ?

(A) वाल्मीकिः
(B) रामः
(C) सीता
(D) शिष्यः

9. करुणां गिरं का रुराव

(A) वाल्मीकिः
(B) शिष्यः
(C) निषादः
(D) क्रौञ्ची

10. क्रौञ्चमिधुनः कीदृशः आसीत् ?

(A) काममोहितः
(B) नीलवर्णः
(C) रक्तवर्णः
(D) पीतवर्णः

11. भरतं स्वगृहं नेतुं कः अयोध्यां प्रपेदे ?

(A) लक्ष्मणः
(B) रामः
(C) युधाजित्
(D) दशरथः

12 कैकेय्याः दासी का आसीत् ?

(A) सुनैना
(B) मन्थरा
(C) सुलोचना
(D) मधुरिमा

13. दशरथः के यौवराजमभिषेक्तुमैच्छत् ?

(A) भरतम्
(B) रामचन्द्रम्
(C) लक्ष्मणम्
(D) शत्रुघ्नम्

CHMK LIBRARY UNIVERSITY OF CALICUT

14. राजा कं संप्रेष्य राममानयामास ?

(A) भरतं (B) सुमन्त्रम्

(C) लक्ष्मणम् (D) मेघनादम्

15. रामस्य धात्री का आसीत् ?

(A) सीता (B) सुमित्रा

(C) कैकेयी (D) सुनैना

16. रामो राजा, भरतो दासश्च भविष्यति' इति कस्य वा कस्या: वचनम् आसीत् ?

(A) कैकेय्या: (B) मन्थराया:

(C) दशरथस्य (D) सुमित्राया:

17. कैकेय्यै क: वरद्वयं प्रायच्छत् ?

(A) रामचन्द्र: (B) दशरथ:

(C) युधाजित् (D) भरत:

18. संक्रीडमाना: बाला: किमधिकृत्य कथा: कथयामासु: ?

(A) रामवनवासमधिकृत्य (B) रामाभिषेकमधिकृत्य

(C) भरतगमनमधिकृत्य (D) दशरथमधिकृत्य

19. बाल: पुस्तकं ——————— ।

(A) पठति (B) पठत:

(C) पठन्ति (D) पठसि

20. अध्यापका: छात्रान् ——————— ।

(A) वदति (B) वदन्ति

(C) वदसि (D) वदाव:

CHMK LIBRARY UNIVERSITY OF CALICUT

D 11485 (Pages : 3) Name.....................................

Reg. No..................................

# THIRD SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2021

[November 2020 for SDE/Private Students]

(CBCSS)

Malayalam

SKT 3E 08—BASIC SANSKRIT

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

**General Instructions (Not applicable to SDE/Private Students)**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

*Answers may be written* **either** *in Sanskrit* **or** *in English* **or** *in Malayalam.*
*In writing Sanskrit, Devanagari script should be used*

## Section A

I. Answer any four without omitting any part :

(a) Give the gist :

सारं लिखत :

1 गाश्वारयन् शङ्करो मतिमते सुताय वृत्यर्थं कां वा शिक्षां दातुं प्रभवतीति नाहं प्रतिपत्तुमलमभवत् । तथापि मदीयं निर्बन्धं प्रत्याख्यातुमशक्नुवता तेन परेद्युरेव पुत्रः पाठशालायां पठितुमन्वमन्यतेति परमिदं मे मुदमावहत् ।

2 अहोरात्रेणैकेन सुसहाभवत् पीडा, सप्ताहेन केवलं शान्तप्राया च । गोपालकेन शङ्करेण जीविकार्थं स्वपुत्राय वितीर्यमाणं शिक्षणं गीर्वाणवाणीविचक्षणस्य मे शास्त्रप्रावीण्यादप्युत्कृष्टमिति तदैवाहमवागच्छम् ।

3 श्रुत्वैव रामस्य विभूतिं कोपेन दह्यमाना सा पापहृदया शयानां कैकेयीं सत्वरमुपगम्य गरकलुषां गिरमेवमुज्जगार- उपस्थितमनर्थमबुद्धवा किमेवं मुग्धा शेषे । अहो महीयसी ते विपदापतिता ।

Turn over

CHMK LIBRARY UNIVERSITY OF CALICUT

4 ततः कथमपि लबधसंज्ञो राजा तं निष्ठुरं निश्चयमुच्चावचैरुपदेशवचनैस्त्याजयितुं बहुधा प्रयेते । नरपतेस्तानि सामवचनानि पापहृदयायां तस्यामूषर इवोप्तानि बीजानि विफलानि परिणेमुः ।

(b) Give prose order and meaning :

अन्वयमर्थं च लिखत :

5 न्यस्यतां कलशस्तात दीयतां वल्कलं मम ।

इदमेवावगाहिष्ये तमसातीर्थमुत्तमम् ।।

6 मा निषाद प्रतिष्ठां त्वमगमः शाश्वतीः समाः ।

यत्क्रौञ्चमिथुनादेकमवधीः काममोहितम् ।।

(c) Translate into Sanskrit :

संस्कृतभाषायामनुवदत :

7 On reaching the shore of Tamasa, the sage Valmiki asked his disciple.

8 Compassion occurred in that saintly sage Valmiki.

(4 × 2 = 8 weightage)

## Section B

II. Annotate any *four* :

चतुर्णां ससन्दर्भमाशयं लिखत :

9 वृत्यर्थं किमपि शिक्षयन्नेवास्मि, यदहं वेद ।

10 तदर्थमाधीयमाना प्ररोचना च कदाचिदेव फलिनतां प्रत्यपद्यत ।

11 रमणीयं प्रसन्नाम्बु सन्मनुष्यमनो यथा ।

12 ददर्श भगवांस्तत्र क्रौञ्चयोश्चारुनिःस्वनम् ।।

13 सर्वत्रापि रामाभिषेकस्य कथैव शुश्रुवे ।

14 राजन्, नाहं केनापि विप्रकृता विमानिता वास्मि ।

(4 × 3 = 12 weightage)

CHMK LIBRARY UNIVERSITY OF CALICUT

## Section C

III. Answer any *two* :

**द्वे** उत्तरयत :

15 आभीरकुमारकथायाः सारांशं लिखत ।

16 तमसातीरे प्रवृत्तं वृत्तान्तं वर्णयत ।

17 रामाभिषेकवार्ताश्रवणानन्तरं कैकेयीं प्रति मन्थरया कृतं भाषणं विशदयत ।

18 **षट्** संस्कृतेन अनुवदत :

Translate any *six* into Sanskrit :

(a) He salutes his mother.

(b) They go to the school.

(c) Rama reads poetry.

(d) The boy is clever.

(e) Mother goes along with a boy.

(f) They write letter.

(g) Kalidasa is the best among the poets.

(h) The stars glitter in the sky.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

D 11484-A (Pages : 4) Name..................................

Reg. No..................................

**THIRD SEMESTER P.G. (CBCSS) DEGREE [REGULAR] EXAMINATION NOVEMBER 2020**

(SDE)

Malayalam

MAL 3E (12)—MALAYALAM WRITING AND RESEARCH METHODOLOGY

(2019 Admissions)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | | | | | | | | | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

## MAL 3E (12)—MALAYALAM WRITING AND RESEARCH METHODOLOGY

Multiple Choice Questions :

1. യുക്തി കാണിച്ച് ഒരു അഭിപ്രായം സ്ഥാപിക്കുന്ന പ്രക്രിയയുടെ പേരെന്ത് ?

   (A) വിവരണം. (B) ഉപപാദനം.

   (C) വ്യാഖ്യാനം. (D) വിമർശനം.

2. ഒരു പരികല്പന(hypothesis)യെ സാധൂകരിക്കുവാനോ തിരസ്കരിക്കുവാനോ ദത്തങ്ങളുടെ പ്രയോജന ക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പു വരുത്തുവാനോ വേണ്ടിയുള്ള സമീപനം ഏത് ?

   (A) നിരീക്ഷണങ്ങൾ. (B) നിരാകരണങ്ങൾ.

   (C) പരീക്ഷണങ്ങൾ. (D) സ്വീകരണങ്ങൾ.

3. ഗവേഷണത്തിന്റെ മൌലികതത്ത്വം വിശദീകരിക്കുന്ന വാക്യമേത് ?

   (A) ഗവേഷണം യുക്തിബദ്ധവും വസ്തുനിഷ്ഠവുമാണ്.

   (B) സ്വന്തം സിദ്ധാന്തങ്ങളെ പിന്തുണയ്ക്കുന്ന അറിവുകൾ തേടാനും സ്വീകരിക്കാനുള്ള രീതി.

   (C) ഗവേഷകരുടെ വ്യക്തിപരമായ വികാരങ്ങളും മുൻഗണനകളും പഠന പ്രക്രിയയിൽ നിർണായക മാണ്.

   (D) ജനപ്രിയമല്ലാത്തതും സാമൂഹിക വിസമ്മതം കൊണ്ടു വരുന്നതുമായ കണ്ടെത്തലുകളെ പിന്തുടരാൻ ഗവേഷകർ തയ്യാറല്ല.

4. ഒരു പ്രതിഭാസത്തെക്കുറിച്ചോ ആശയത്തെക്കുറിച്ചോ വസ്തുതയെക്കുറിച്ചോ അവയുടെ പ്രവർത്തനങ്ങളെ ക്കുറിച്ചോ ഫലങ്ങളെക്കുറിച്ചോ ഉള്ള യുക്തിസഹമായ ചിന്തയാണ് :

   (A) സിദ്ധാന്തം. (B) ഗവേഷണം.

   (C) വിവരണം. (D) വ്യാഖ്യാനം.

5. സാഹിത്യ സമുച്ചയത്തെ സമാനമായ തത്ത്വചിന്ത, സമകാലികത, സൗന്ദര്യാത്മകത തുടങ്ങിയ സവിശേഷത കളുടെ അടിസ്ഥാനത്തിൽ വിഭാഗങ്ങളായി അംശിക്കാനുള്ള മാർഗമേത് ?

   (A) വാല്യങ്ങൾ. (B) അദ്ധ്യായങ്ങൾ.

   (C) സാഹിത്യ പ്രസ്ഥാനങ്ങൾ. (D) പ്രകരണങ്ങൾ.

6. പഠനവിധേയമാകുന്ന പ്രതിഭാസത്തിന്റെ സവിശേഷതകൾ ഒന്നൊന്നായി പ്രതിപാദിക്കുന്ന ഗവേഷണ രീതിയേത് ?

   (A) താരതമ്യാത്മകം. (B) വിവരണാത്മകം.

   (C) അപഗ്രഥനപരം. (D) വിമർശനാത്മകം.

CHMK LIBRARY UNIVERSITY OF CALICUT

7. വിഷയസ്വീകരണത്തിനുള്ള ആദ്യത്തേതും ഏറ്റവും എളുപ്പമുള്ളതുമായ രീതിയേത് ?

(A) പരികല്പനാരൂപവത്കരണം. (B) ദത്തവിശകലനം.

(C) ബൌദ്ധിക പര്യാലോചന. (D) ശീർഷകരചന.

8. ലോകമെമ്പാടുമുള്ളജനസമൂഹങ്ങളിലുടനീളം ദൃശ്യമാകുന്ന സമാനതകളും വ്യത്യാസങ്ങളും തിരിച്ചറിയാനും വിശകലനം ചെയ്യാനും വിശദീകരിക്കാനും ബഹുസാംസ്കാരിക പഠനങ്ങളിൽ വളരെക്കാലമായി ഉപയോഗിച്ചു വരുന്ന രീതിയേത് ?

(A) അപഗ്രഥന രീതി. (B) വിമർശനാത്മക രീതി.

(C) വിവരണാത്മക രീതി. (D) താരതമ്യ ഗവേഷണരീതി.

9. അളക്കാവുന്നതിനെ അല്ലെങ്കിൽ ഏതെങ്കിലും പ്രതിഭാസത്തിന്റെയോ പ്രവണതയുടെയോ സമുച്ചയത്തെ അടിസ്ഥാനമാക്കിയുള്ള ഗവേഷണ സമ്പ്രദായമേത് ?

(A) പരിമാണാത്മക ഗവേഷണം. (B) ഗുണാത്മക ഗവേഷണം.

(C) വിമർശനാത്മക ഗവേഷണം. (D) വിവരണാത്മക ഗവേഷണം.

10. വിഷയത്തിന്റെ വ്യാപ്തി തിരഞ്ഞെടുക്കാനും പരിമിതപ്പെടുത്താനും സഹായിക്കുന്ന ഘടകമേത് ?

(A) രീതിശാസ്ത്ര നിർണയനം. (B) പശ്ചാത്തല വായന.

(C) എഴുത്തു പരിശീലനം. (D) ശീർഷകരചന.

11. ഇതുവരെ പരീക്ഷിച്ചിട്ടില്ലാത്ത ഗവേഷണ ചോദ്യങ്ങൾക്കുള്ള താത്കാലിക ഉത്തരമാണത്. ഏത് ?

(A) രീതിശാസ്ത്രം. (B) ആകരങ്ങൾ.

(C) പൂർവ പഠനങ്ങൾ. (D) പരികല്പന.

12. പ്രബന്ധത്തിന്റെ സാരാംശമെന്ത് ?

(A) താരതമ്യ ചിന്ത. (B) ഗുണാത്മക ചിന്ത.

(C) ദോഷചിന്ത. (D) വിമർശനാത്മക ചിന്ത.

13. ഓരോ അദ്ധ്യായവും ശീർഷകഭാഗവും ഉപശീർഷക ഖണ്ഡവും സൂക്ഷ്മമായി വായിക്കുകയും അവയെ തരംതിരിച്ചിട്ടുള്ളതിന്റെ യുക്തികൾ പുനർവിചാരണയ്ക്കു വിധേയമാക്കുകയും ചെയ്യുന്നതെപ്പോഴാണ് ?

(A) പ്രബന്ധ സമർപ്പണത്തിനു തൊട്ടു മുമ്പ്.

(B) വാചാപരീക്ഷാ സമയത്ത്.

(C) എഡിറ്റിംഗ് വേളയിലാണ്.

(D) പ്രബന്ധ സമർപ്പണത്തിനു ശേഷം വാചാപരീക്ഷയ് ക്കു മുമ്പ്.

Turn over

CHMK LIBRARY UNIVERSITY OF CALICUT

14. വസ്തുതകൾ വിശകലനം ചെയ്തോ ചുരുക്കിയെടുത്തോ ഉണ്ടാക്കുന്ന പുതിയ ഉൾക്കാഴ്ചക്ക് പറയുന്ന പേരെന്ത് ?

(A) ജ്ഞാനം. (B) പ്രബന്ധം.

(C) ലേഖനം. (D) പ്രത്യുത്പന്നമതിത്വം.

15. ഗവേഷണസ്വരം (Research Tone) എങ്ങനെയുള്ളതാണ് ?

(A) ഔദ്യോഗികവും ധിഷണാപരവുമാണ്.

(B) വായനക്കാരനെ ദുർഘടത്തിൽ പെടുത്തുന്നതാണ്.

(C) പണ്ഡിതാഡംബരം നിറഞ്ഞതാണ്.

(D) ഉച്ചത്തിലുള്ളതാണ്.

16. ഗവേഷണ പ്രബന്ധം സമർപ്പിക്കുന്നതിനു മുമ്പ് നിർവഹിക്കേണ്ട അവസാനത്തേതും അനിവാര്യവുമായ നടപടിയേത് ?

(A) ഫീസടയ്ക്കൽ. (B) അടിമുടി പൊളിച്ചെഴുതൽ.

(C) പ്രൂഫ് റീഡിംഗ്. (D) ആന്തരിക നിരൂപണം.

17. പ്രമാണ പരിശോധനയിൽ പ്രസക്തമായതേത് ?

(A) ചഞ്ചലമായ പരിശോധനാ ശൈലി നില നിർത്തുക.

(B) രചനാമനോഭാവത്തോടെ കൃതിയിലേയ്ക്കു കടക്കുക.

(C) ഒരു സമയം ഒരു പ്രതീകം മാത്രം വായിക്കുക, പരിശോധിക്കുക.

(D) കൃതിയോട് നിർമാണാത്മകമായ അടുപ്പം പാലിക്കുക.

18. വാക്യങ്ങളുടെ കാര്യത്തിൽ പ്രസക്തമായ കാര്യമേത് ?

(A) മഹാവാക്യങ്ങളുടെ പെരുപ്പം. (B) ഗാഢബന്ധം.

(C) ശിഥിലത. (D) ഇടിയപ്പം ശൈലി.

19. നിശ്ശേഷമായി നിറുത്തേണ്ടുന്ന ദിക്കിലുപയോഗിക്കുന്ന ചിഹ്നമേത് ?

(A) ബിന്ദു. (B) രോധിനി.

(C) വലയം. (D) ശൃംഖല.

20. ഗവേഷണ പ്രക്രിയയിൽ ഉപയോഗിച്ച എല്ലാ സ്രോതസ്സുകളുടെയും (റഫറൻസ് ചെയ്താലും ഇല്ലെങ്കിലും) പട്ടികയാണ് ——————

(A) അനുബന്ധം. (B) ഉള്ളടക്കം.

(C) ഗ്രന്ഥസൂചി. (D) ആവർത്തനപ്പട്ടിക.

CHMK LIBRARY UNIVERSITY OF CALICUT

D 11484 (Pages : 2) Name.....................................

Reg. No..................................

# THIRD SEMESTER M.A. DEGREE (REGULAR/SUPPLEMENTARY] EXAMINATION, NOVEMBER 2021

(CBCSS)

Malayalam

## MAL 3E (12)—MALAYALAM WRITING AND RESEARCH METHODOLOGY

## മലയാള രചനയും ഗവേഷണ രീതിശാസ്ത്രവും

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

**General Instructions**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

CHMK LIBRARY UNIVERSITY OF CALICUT

### Part A

I. ഓരോന്നിനും രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 2 വീതം :

1 വാമൊഴിയേക്കാൾ വരമൊഴിക്ക് പ്രാമാണികത കൈവരാനുള്ള കാരണങ്ങൾ എന്തെല്ലാം ?

2 വാക്യരചനയിൽ പദങ്ങൾ സന്ധി ചേരുമ്പോഴും ചേരാത്തപ്പോഴുമുണ്ടാകുന്ന അർത്ഥവ്യത്യാസത്തെക്കുറിച്ച് സോദാഹരണം വിവരിക്കുക.

3 ഉപപാദനം എന്നാൽ എന്ത് ? വിവരണവും ഉപപാദനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

4 ശാസ്ത്രഭാഷയുടെ സവിശേഷതകൾ എന്തെല്ലാമാണ് ?

5 വാക്യവിചാരത്തിലെ രചനാന്തരണം എന്താണ് ? അതിന്റെ മേന്മകൾ എന്തെല്ലാം ?

6 സിനോപ്സിസ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ?

7 ഗവേഷണ പ്രബന്ധത്തിൽ ഉദ്ധരണങ്ങൾ കഴിയുന്നതും കുറയ്ക്കണമെന്ന് പറയുന്നതിന്റെ കാരണമെന്ത് ?

(4 × 2 = 8 weightage)

Turn over

## Part B

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 3 വീതം :

8 ഭാഷകളെ സമ്പുഷ്ടം, അസമ്പുഷ്ടം എന്നു വിഭജിക്കുന്നതിന്റെ മാനദണ്ഡം എത്രത്തോളം സ്വീകാര്യമാണെന്ന് ദ്രാവിഡഭാഷകളെ മുൻനിർത്തി പരിശോധിക്കുക.

9 മലയാളം എഴുത്തുവഴിയിലെ പ്രധാന വൈഷമ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുക.

10 തിരക്കഥയുടെ ഘടനാപരമായ സവിശേഷതകളെക്കുറിച്ച് പ്രതിപാദിക്കുക.

11 അനുപ്രയോഗങ്ങളുടെ അർത്ഥ പരിഷ്ക്കരണക്ഷമതയെപ്പറ്റി സോദാഹരണം വിവരിക്കുക.

12 മലയാള ലിപി വ്യവസ്ഥയുടെ മാനകീകരണത്തിന് സഹായകമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക.

13 ഗവേഷണപ്രബന്ധം തയ്യാറാക്കുമ്പോൾ പ്രത്യേകം പരിഗണിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ?

14 സഹായക ഗ്രന്ഥങ്ങളെ ഗവേഷണ പ്രബന്ധ രചനയിൽ ഏതെല്ലാം തരത്തിൽ പ്രയോജനപ്പെടുത്താമെന്ന് വിശദമാക്കുക.

(4 × 3 = 12 weightage)

## Part C

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 5 വീതം :

15 നോവൽ, ചെറുകഥ, ഉപന്യാസം എന്നിവയുടെ ഘടനാപരമായ സവിശേഷതകൾ വിശകലനം ചെയ്യുക.

16 എഡിറ്റിംഗിലെ അടിസ്ഥാന സങ്കല്പനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.

17 ഗവേഷണ വിഷയം തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ?

18 കവിതാഗവേഷണത്തിന് സ്വീകരിക്കാവുന്ന രീതിശാസ്ത്രത്തെക്കുറിച്ച് വിശദീകരിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 11483-A** (Pages : 4) Name..................................

Reg. No..................................

# THIRD SEMESTER P.G. (CBCSS) DEGREE [REGULAR] EXAMINATION NOVEMBER 2020

(SDE)

Malayalam

MAL 3E (11)—CONTEMPORARY MALAYALAM POETRY

(2019 Admissions)

| | DD | MM | YEAR | |
|---|---|---|---|---|
| **Date of Examination :** | ☐☐ | ☐☐ | ☐☐☐☐ | FN/AN |
| **Time : 15 Minutes** | | | **Total No. of Questions : 20** | |

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

## MAL 3E (11)—CONTEMPORARY MALAYALAM POETRY

Multiple Choice Questions :

1. നിലനിൽക്കുന്ന സാമൂഹ്യ-രാഷ്ട്രീയ പരിതോവസ്ഥകളോടുള്ള കടുത്ത വിമർശനം എന്ന നിലയിൽ ആധുനിക കവികൾ ഉപയോഗിച്ച ഒരു രീതിയായിരുന്നു ————

   (A) ആത്മാഖ്യാനം. (B) സ്വത്വാവിഷ്കാരം.

   (C) അക്ഷേപ ഹാസ്യം. (D) ഫലിതാവിഷ്കാരം.

2. മലയാള സാഹിത്യത്തിലെ പുതിയ പ്രവണതകളെ സൂചിപ്പിക്കാൻ 1979-ൽ അയ്യപ്പപ്പണിക്കർ ഉപയോഗിച്ച ഒരു പദമാണ് :

   (A) ആധുനികോത്തരം. (B) ഉത്തരാധുനികം.

   (C) ആധുനികാനന്തരത. (D) അത്യന്താധുനികം.

3. പ്രതിഭയിലും സൗന്ദര്യത്തിലും വ്യത്യസ്തനായ കവി എന്ന് എ. അയ്യപ്പനെപ്പറ്റി പ്രസ്താവിച്ചത് :

   (A) സച്ചിദാനന്ദൻ. (B) ബാലചന്ദ്രൻ ചുള്ളിക്കാട്.

   (C) പി.എ. നാസിമുദ്ദീൻ. (D) ഡോ: എം. ലീലാവതി.

4. മലയാള കവിതയിൽ സ്വത്വരാഷ്ട്രീയത്തിന് സവിശേഷശ്രദ്ധ ലഭിക്കുന്നത് :

   (A) ആധുനികതയിൽ. (B) ഉത്തരാധുനികതയിൽ.

   (C) നവോത്ഥാനാധുനികതയിൽ. (D) ആധുനിക പൂർവ കവിതയിൽ.

5. ആധുനികതയിലും ഉത്തരാധുനികതയിലും ഒരു പോലെ അഭിരമിച്ച കവിയാണ് ————.

   (A) പി.പി. രാമചന്ദ്രൻ. (B) സെബാസ്റ്റ്യൻ.

   (C) സച്ചിദാനന്ദൻ. (D) പി. രാമൻ.

6. ദേഹാന്തരം ആരുടെ കവിതയാണ് ?

   (A) എ. അയ്യപ്പൻ. (B) പ്രഭാവർമ്മ.

   (C) സാവിത്രി രാജീവൻ. (D) കുരീപ്പുഴ ശ്രീകുമാർ.

7. "എൻ വിയർപ്പില്ലാതെ ലോകമില്ല
   എൻ ചോരയില്ലാതെ കാലമില്ല"

   —ഏതു കവിതയിലെ വരികൾ ?

   (A) കരോൾ. (B) പ്രേമത്തിന്റെ രസതന്ത്രം.

   (C) കീഴാളൻ. (D) പുറപ്പാട്.

CHMK LIBRARY UNIVERSITY OF CALICUT

8. സ്ഥാപനവൽക്കരണത്തിനു പകരം ബഹുജന സംസ്കാരത്തെ കവിതയിലേക്ക് കൊണ്ടു വന്നത്

(A) ആധുനികതയിൽ. (B) നവോത്ഥാനാധുനികതയിൽ.

(C) ഉച്ച ആധുനികതയിൽ. (D) ഉത്തരാധുനികതയിൽ.

9. ഉത്തരാധുനിക മലയാള പാഠഭേദങ്ങൾ ആരുടെ രചനയാണ് ?

(A) സി.ബി. സുധാകരൻ. (B) വി.സി. ശ്രീജൻ.

(C) ബി. രാജീവൻ. (D) ഇ.വി. രാമകൃഷ്ണൻ.

10. ഡോ: ബിനു സചിവോത്തരമപുരം എഡിറ്റു ചെയ്ത ഉത്തരാധുനിക കവിതാപഠനങ്ങളാണ് ————————.

(A) കാവ്യാരതി. (B) ഉത്തരാധുനിക കവിതാപഠനങ്ങൾ.

(C) കവിത പുതുമയും പഴമയും. (D) കവിതാരാമം.

11. പി.പി. രാമചന്ദ്രന്റെ ഒരു കവിതയാണ് ————————

(A) പാവക്കാരന്റെ തിരക്കാഴ്ച. (B) പാവക്കാരൻ ഒരു തിരക്കാഴ്ച.

(C) പാവക്കാരനും തിരക്കാഴ്ചയും. (D) പാവക്കാരനിലൂടെ ഒരു തിരക്കാഴ്ച.

12. 'മണ്ണിൽ പതിഞ്ഞും ശിരസ്സുയർത്തിയും' ആരുടെ രചനയാണ് :

(A) സെബാസ്റ്റ്യൻ. (B) കെ. ആർ. ടോണി.

(C) എസ്. ജോസഫ്. (D) പി.പി. രാമചന്ദ്രൻ.

13. അന്ധകാണ്ഡം എന്ന കവിതയിൽ ഏതു കവിയെയാണ് പ്രധാനമായും പാരഡിവൽക്കരണത്തിനു വിധേയമാക്കുന്നത് ?

(A) പൂന്താനം. (B) ഇടശ്ശേരി.

(C) കുഞ്ചൻ നമ്പ്യാർ. (D) എഴുത്തച്ഛൻ.

14. യന്ത്രം കാർന്നു തിന്നുന്ന പ്രകൃതിയുടെ ചിത്രങ്ങൾ ലളിത ഭാഷയിൽ ചിത്രീകരിക്കുന്ന ഒരു ഉത്തരാധുനിക കവിയാണ് ?

(A) കെ. ആർ. ടോണി. (B) എസ്. ജോസഫ്.

(C) എം.ബി. മനോജ്. (D) മോഹന കൃഷ്ണൻ കാലടി.

CHMK LIBRARY UNIVERSITY OF CALICUT

15. ഇക്കോ-ഫെമിനിസ്റ്റ് കാഴ്ചപ്പാടിൽ കവിതകളെഴുതുന്ന ഒരു കവിയാണ് :

(A) എസ്. ജോസഫ്. (B) വി.എം. ഗിരിജ.

(C) സാവിത്രീ രാജീവൻ. (D) വിജില ചിറപ്പാട്.

16. റഫീക് അഹമ്മദിന്റെ ആദ്യ കവിതാ സമാഹാരമാണ് ————————.

(A) ലിപികൾ. (B) അമ്മത്തൊട്ടിൽ.

(C) തോരാമഴ. (D) സ്വപ്നവാങ്മൂലം.

17. ഏതു കവിയുടെ കവിതയെയാണ് എവിടെ ലോൺ എന്ന കവിത തിരുത്തി വായിക്കുന്നത് ?

(A) പി.പി. രാമചന്ദ്രൻ. (B) ബാലചന്ദ്രൻ ചുള്ളിക്കാട്.

(C) സച്ചിദാനന്ദൻ. (D) കെ.ജി.എസ്.

18. "എവിടെ നിന്നോ വന്ന ഒരു കാറ്റ്
ഞങ്ങളുടെ സാരിത്തുമ്പുകളെ
കൊടിക്കൂറ പോൽ പാറിക്കുന്നു"

—ഏതു കവിതയിലെ വരികൾ ?

(A) വിസ്മയം. (B) പരസ്പരം.

(C) മധുരവും വിധുരവും. (D) ചിറകുള്ള ബസ്.

19. ഡി. അനിൽ കുമാറിന്റെ ചങ്കൊണ്ടാറേ പറക്കാണ്ടോ എന്ന കൃതി പ്രസിദ്ധീകരിച്ച വർഷം :

(A) 2015. (B) 2016.

(C) 2017. (D) 2018.

20. അശോകൻ മറയൂരിന്റെ ആദ്യ പുസ്തകമായ പച്ച വീട് പ്രസിദ്ധീകരിച്ച വർഷം :

(A) 2016. (B) 2015.

(C) 2017. (D) 2018.

CHMK LIBRARY UNIVERSITY OF CALICUT

D 11483 (Pages : 2) Name.......................................

Reg. No....................................

# THIRD SEMESTER M.A. DEGREE (REGULAR/SUPPLEMENTARY] EXAMINATION, NOVEMBER 2021

[November 2020 for SDE/Private Students]

(CBCSS)

Malayalam

## MAL 3E (11)—CONTEMPORARY MALAYALAM POETRY

## സമകാല മലയാള കവിത

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

**General Instructions (Not applicable to SDE/Private Students)**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

CHMK LIBRARY UNIVERSITY OF CALICUT

### Part I

I. രണ്ടു പുറത്തിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1 "പൊതുസ്ഥലത്ത്
പ്രകോപനപരമായി
പകർന്നു നൽകുന്ന
സ്വകാര്യ ചുംബനമാണ് കവിത"

—ഇവിടെ പങ്കു വയ്ക്കപ്പെടുന്ന കാവ്യാനുഭവത്തിന്റെ സന്ദർഭം വ്യക്തമാക്കുക.

2 'കീഴാളൻ' എന്ന കവിതയിലെ രാഷ്ട്രീയതലത്തെ വിലയിരുത്തുക.

3 "പൊട്ടിച്ചിരിച്ചു പാറുപ്പെണ്ണവൾ ; മോണിട്ടറിൽ
പാല പൂത്ത മാതിരി . . . . ."

—സന്ദർഭവും കാവ്യസൗന്ദര്യവും വെളിവാക്കുക.

4 "ബോധമില്ലാതെ നടക്കുമവസ്ഥയ്ക്കു
മീതെയായ് സംയമമെന്തുണ്ട് ഭൂമിയിൽ

—കാവ്യഘടനയിലെ പാരഡി, പരിഹാസ, മിശ്രഭാഷാരീതികൾ കണ്ടെത്തുക.

Turn over

5 "എണ്ണിയാലൊടുങ്ങാത്ത ദൈവങ്ങളി-

ലാർക്കു കിട്ടിയിട്ടുണ്ടീ സമർപ്പണം"

—പുതിയ പ്രാർത്ഥനയ്ക്ക് കവി നൽകുന്ന അർത്ഥ വിവക്ഷകൾ വിവരിക്കുക.

6 "ജലം അതിന്റെ നഷ്ടപ്രദേശം തിരിച്ചു പിടിക്കും–ജലത്തിന്റെ വേട്ടയാടലിൽ ഭാവിയിൽ മനുഷ്യവർഗത്തിനു സംഭവിക്കുന്ന പരിണാമങ്ങൾ കവിതയിൽ എങ്ങനെ പ്രകടമാകുന്നു ?

7 കാക്കാത്തിപ്പൂവുകളുടെ വെളുപ്പ്, കറുപ്പ് നിറങ്ങളിലൂടെ പ്രണയത്തിന്റെ മധുരവും വിധുരവുമായ അവസ്ഥകളെ കവി എപ്രകാരം സൂചിപ്പിക്കുന്നു ?

(4 × 2 = 8 weightage)

## Part II

II. നാലു പുറത്തിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8 'എവിടെ ലോൺ' എന്ന കവിതയിലൂടെ ആധുനിക സമൂഹത്തിന്റെ ഉപഭോഗാസക്തിയെ കവി എപ്രകാരം പരിഹസിക്കുന്നുവെന്ന് കണ്ടെത്തുക.

9 'കാണുന്നുണ്ടനേകമക്ഷരങ്ങൾ' എന്ന ശീർഷകം കവിതയ്ക്കു നൽകുന്ന ചരിത്രപരമായ അർത്ഥതലങ്ങൾ വിശദമാക്കുക.

10 "സഞ്ചി വിരിക്കൂ

വിൽക്കാനുണ്ടല്ലോ

വീടകം കടല് "

—സൂക്ഷ്മമായ നിരീക്ഷണത്തിലൂടെ കടൽപ്പുറത്തെ ജീവിതത്തെ ഡി. അനിൽ കുമാർ എങ്ങനെ ചിത്രീകരിക്കുന്നുവെന്ന് വിവരിക്കുക.

11 "എഴുതിത്തള്ളാൻ പ്രാണ പുസ്തകത്താളിൽ കടപ്പാടിന്റെ കണക്കുകൾ മാത്രമാണിനി ബാക്കി" —ചോർന്നൊലിക്കുന്ന മുറി'യിലെ തീവ്രമായ ജീവിത സംഘർഷം ചർച്ച ചെയ്യുക.

12 'കള്ളൻ' എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്ന നൈതികവും ധാർമ്മികവുമായ സമസ്യകൾ വിലയിരുത്തുക.

13 'സാറാമ്മ' എന്ന കവിതയിൽ വെളിവാകുന്ന സ്ത്രീയനുഭവത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുക.

14 ആർ. മനോജിന്റെ 'പ്രകൃതി ദൃശ്യങ്ങൾ' എന്ന കവിതയുടെ ഭാഷാപരവും പ്രമേയപരവുമായ പുതുമകൾ കണ്ടെത്തുക.

(4 × 3 = 12 weightage)

## Part III

III. ആറു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

15 ആധുനികാനന്തര കവിതയിലെ പ്രമേയ വൈവിധ്യങ്ങൾ ചർച്ച ചെയ്യുക.

16 സ്ത്രീ, ദളിത്, പരിസ്ഥിതി വിഷയങ്ങളിൽ പുതിയ മലയാള കവിത പുലർത്തുന്ന സൂക്ഷ്മത വിലയിരുത്തുക.

17 അൻവർ അലി, പി. എൻ. ഗോപികൃഷ്ണൻ, പി.പി. രാമചന്ദ്രൻ എന്നിവരുടെ കവിതകളിലെ ഭാഷാപരവും പ്രമേയപരവുമായ വൈവിധ്യങ്ങൾ ചൂണ്ടിക്കാണിക്കുക.

18 പ്രാദേശികത, ദലിത് പ്രതിരോധം, ഗോത്ര കവിത എന്നിവയിൽ സമകാലിക മലയാള കവിതയുടെ ഇടപെടൽ വിലയിരുത്തുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

D 11482-A

(Pages : 4 + 2 = 6)

Name.......................................

Reg. No....................................

**THIRD SEMESTER P.G. DEGREE (CBCSS) [REGULAR] EXAMINATION NOVEMBER 2020**

(SDE)

Malayalam

MAL 3E (10)—STUDY OF KERALA ARTS

(2019 Admissions)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

## MAL 3E (10)—STUDY OF KERALA ARTS

### Part A

Multiple Choice Questions :

1. കളമെഴുത്തിൽ ഉപയോഗിക്കുന്ന നിറങ്ങൾ :

   (A) കാവി, ചുവപ്പ്, നീല, വെള്ള, കറുപ്പ്. (B) മഞ്ഞ, ചുവപ്പ്, പച്ച, വെള്ള, കറുപ്പ്.

   (C) കാവി, മഞ്ഞ, പച്ച, വെള്ള, നീല. (D) കാവി, ചുവപ്പ്, പച്ച,വെള്ള, കറുപ്പ്.

2. 'ഹിസ്റ്റോറിക് മീറ്റിംഗ്' എന്ന ചിത്രം വരച്ചത് ആര് ?

   (A) രാജാരവിവർമ്മ. (B) എം.എഫ്. ഹുസൈൻ.

   (C) ജാമിനി റോയ്. (D) നന്ദലാൽ ബോസ്.

3. കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങൾ :

   (A) ചെണ്ട, ഇടയ്ക്ക, ചേങ്ങില, ഇലത്താളം.

   (B) തിമില, ഇടയ്ക്ക, ചേങ്ങില, ഇലത്താളം.

   (C) ചെണ്ട, മദ്ദളം, ചേങ്ങില, ഇലത്താളം.

   (D) തിമില, മദ്ദളം, ചേങ്ങില, ഇലത്താളം.

4. ആട്ടക്കഥാ സാഹിത്യത്തിന്റെ ഉപജ്ഞാതാവ് :

   (A) മഹാകവി വള്ളത്തോൾ. (B) കൊട്ടാരക്കരത്തമ്പുരാൻ.

   (C) കാർത്തിക തിരുനാൾ മഹാരാജാവ്. (D) ഉണ്ണായി വാര്യർ.

5. ആദ്യത്തെ ആട്ടക്കഥ ഏത് ?

   (A) കോട്ടയത്തു തമ്പുരാന്റെ കല്യാണസൗഗന്ധികം.

   (B) അശ്വതി തിരുനാൾ രാമവർമ്മത്തമ്പുരാന്റെ രുക്മിണീ സ്വയംവരം.

   (C) കൊട്ടാരക്കരത്തമ്പുരാന്റെ രാമനാട്ടത്തിലെ എട്ടു ദിവസത്തെ കഥകൾ.

   (D) ഇരയിമ്മൻ തമ്പിയുടെ 'ഉത്തരാസ്വയംവരം'.

6. കത്തിവേഷത്തിന്റെ വിഭജനങ്ങൾ :

   (A) വെള്ള, കത്തി, ചുവന്ന കത്തി. (B) കുറുംകത്തി, നെടുംകത്തി.

   (C) കറുത്ത കത്തി, നെടുംകത്തി. (D) കറുത്ത താടി, മഞ്ഞ താടി, പച്ച താടി.

7. ടോട്ടൽ തിയറ്റർ എന്നറിയപ്പെടുന്ന കലാരൂപം :

   (A) ഭരതനാട്യം. (B) കഥകളി.

   (C) മോഹിനിയാട്ടം. (D) കൂടിയാട്ടം.

CHMK LIBRARY UNIVERSITY OF CALICUT

8. കേരള സംഗീത നാടക അക്കാദമി സ്ഥിതി ചെയ്യുന്നത് എവിടെയാണ് ?

(A) കോഴിക്കോട്. (B) തൃശൂർ.

(C) തിരുവനന്തപുരം. (D) പാലക്കാട്.

9. 'മണി മാധവീയം' ആരുടെ ജീവചരിത്ര ഗ്രന്ഥമാണ് :

(A) മാണി നാരായണ ചാക്യാർ. (B) മാണി നീലകണ്ഠ ചാക്യാർ.

(C) മാണി മാധവചാക്യാർ. (D) മാണി പരമേശ്വര ചാക്യാർ.

10. കൃഷ്ണനാട്ടത്തിന് പറയുന്ന മറ്റൊരു പേര് :

(A) കൂടിയാട്ടം. (B) രാമനാട്ടം.

(C) നാലുപാദം. (D) അഷ്ടപദിയാട്ടം.

11. ചാക്യാർകൂത്തിഗ ഉപയോഗിക്കുന്ന വാദ്യങ്ങൾ :

(A) മിഴാവ്, ഇലത്താളം. (B) മിഴാവ് മാത്രം.

(C) ഇലത്താളം മാത്രം. (D) ഇവ രണ്ടുമല്ല.

12. മോഹിനിയാട്ടത്തിൽ പ്രാമുഖ്യമുള്ള രസം :

(A) ശൃംഗാരം. (B) വീരം.

(C) ഹാസ്യം. (D) ശാന്തം.

13. 'മാർക്കണ്ഡേയ ചരിതം' രചിച്ച കാഥികൻ :

(A) കെടാമംഗലം സദാനന്ദൻ. (B) സത്യദേവൻ.

(C) കെ.കെ. വാദ്ധ്യാർ. (D) സ്വാമി ബ്രഹ്മവ്രതൻ.

14. മുഹയിദ്ധീൻമാലയുടെ രചയിതാവ് :

(A) മൊയിൻകുട്ടി വൈദ്യർ. (B) ഖാസി മുഹമ്മദ്.

(C) മാളിയക്കൽ കുഞ്ഞഹമ്മദ്. (D) ശുജായി മുഹ്യിദ്ദീ മുസലിയാർ.

15. സോപാന സംഗീതത്തിൽ ഉപയോഗിക്കുന്ന വാദ്യോപകരണം :

(A) ചെണ്ട. (B) ഇടയ്ക്ക.

(C) തിമില. (D) മദ്ദളം.

CHMK LIBRARY UNIVERSITY OF CALICUT

16. 'ഇലഞ്ഞിത്തറ മേളം എന്തുരം മേളമാണ് ?

(A) പഞ്ചാരി മേളം. (B) പാണ്ടിമേളം.

(C) പഞ്ചവാദ്യം. (D) തായമ്പക.

17. 'ഉത്സവപ്രബന്ധം രചിച്ചത് ആര് ?

(A) ഇരയിമ്മൻ തമ്പി. (B) സ്വാതി തിരുനാൾ.

(C) ശ്രീത്യാഗരാജ സ്വാമികൾ. (D) ശ്യാമശാസ്ത്രികൾ.

18. തെയ്യത്തിൽ ഉപയോഗിക്കുന്ന പ്രധാന വാദ്യോപകരണങ്ങൾ :

(A) ചെണ്ട, മദ്ദളം, ഇലത്താളം, കുഴൽ. (B) ചെണ്ട, ഉടുക്ക്, ഇലത്താളം, കുഴൽ.

(C) ചെണ്ട, ഉടുക്ക്, ഇലത്താളം, കൊമ്പ്. (D) ചെണ്ട, വീക്കു ചെണ്ട, ഇലത്താളം, കുഴൽ.

19. 'തട്ടുപൊളിയൻ' എന്നാൽ ഏത് കലാരൂപത്തിന്റെ മറ്റൊരു പേരാണ് ?

(A) മാർഗ്ഗം കളി. (B) ദഫ്മുട്ട്.

(C) ചവിട്ടു നാടകം. (D) കഥകളി.

20. 'പൊയ്മുഖം' എന്ന നാടകം ആരുടെ കൃതി ?

(A) എൻ. കൃഷ്ണൻപിള്ള. (B) ജി. ശങ്കരപ്പിള്ള.

(C) പി.എം. താജ്. (D) സി.എൻ. ശ്രീകണ്ഠൻ നായർ.

CHMK LIBRARY UNIVERSITY OF CALICUT

**D 11482** (Pages : 2) Name.....................................

Reg. No..................................

# THIRD SEMESTER M.A. DEGREE (REGULAR/SUPPLEMENTARY] EXAMINATION, NOVEMBER 2021

[November 2020 for SDE/Private Students]

(CBCSS)

Malayalam

MAL 3E (10)—STUDY OF KERALA ARTS

കേരളീയ കലാപഠനം

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

**General Instructions (Not applicable to SDE/Private Students)**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

## Part I

I. ഓരോന്നിനും രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 2 വീതം :

1 അനുഷ്ഠാന കലകളിൽ മുഖത്തെഴുത്തിനുള്ള പ്രാധാന്യമെന്ത് ?

2 പഞ്ചാരി മേളത്തിന് ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളെ പരിചയപ്പെടുത്തുക.

3 കേരളീയ ദാരുശില്പകലയെക്കുറിച്ച് ലഘുവിവരണം നൽകുക.

4 തോൽപ്പാവക്കൂത്ത് —കുറിപ്പെഴുതുക.

5 കഥകളിയിലെ കഥാപാത്രങ്ങളുടെ സ്വഭാവമനുസരിച്ച് വേഷവിഭജനം നിർവഹിച്ചിരിക്കുന്നതെങ്ങനെ ?

6 മാർഗ്ഗംകളിയുടെ പ്രതിപാദ്യം, അവതരണം എന്നിവയെക്കുറിച്ച് വിശദീകരിക്കുക.

7 കൃഷ്ണനാട്ടത്തിന്റെ അവതരണക്രമം എപ്രകാരമെന്ന് വിശദമാക്കുക.

(4 × 2 = 8 weightage)

Turn over

CHMK LIBRARY UNIVERSITY OF CALICUT

## Part II

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 3 വീതം :

8 ഭാരതീയ സൗന്ദര്യ സങ്കല്പത്തിന്റെയും യൂറോപ്യൻ ചിത്രരചനാ രീതിയുടെയും സമന്വയമാണ് രാജാരവി വർമ്മയുടെ ചിത്രങ്ങൾ–ഉപപാദിക്കുക.

9 കേരളീയ വാസ്തുവിദ്യാശൈലിയുടെ സവിശേഷതകൾ എന്തെല്ലാമാണ് ?

10 സോപാന സംഗീതത്തിന് ഞെരളത്ത് രാമപ്പൊതുവാൾ നൽകിയ സംഭാവനകൾ വിലയിരുത്തുക.

11 കൂടിയാട്ടത്തിന്റെ അരങ്ങു സവിശേഷതകൾ എന്തെല്ലാമെന്ന് വിശദമാക്കുക ?

12 കഥാപ്രസംഗ കലയിൽ പ്രാഗത്ഭ്യം തെളിയിച്ച കാഥികന്മാരെ പരിചയപ്പെടുത്തി അവർ നൽകിയ സംഭവനകൾ അവലോകനം ചെയ്യുക.

13 തെയ്യത്തിന്റെ അനുഷ്ഠാനപരമായ ചടങ്ങുകളെക്കുറിച്ച് വിവരിക്കുക.

14 ആക്ഷേപഹാസ്യ പ്രധാനമായ നാടോടി നാടകം എന്ന നിലയിൽ കാക്കാരിശ്ശി നാടകത്തെ പരിചയപ്പെടുത്തുക.

(4 × 3 = 12 weightage)

## Part III

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 5 വീതം :

15 മനുഷ്യന്റെ സാംസ്കാരിക ചരിത്രത്തിൽ കലകൾക്കുള്ള പ്രാധാന്യവും കലകൾ നിർവഹിക്കുന്ന ധർമ്മവും എന്തെന്ന് വിശകലനം ചെയ്യുക.

16 ചവിട്ടു നാടകത്തിന്റെ ഉത്ഭവവികാസ ചരിത്രം സംഗ്രഹിക്കുക.

17 വിവിധ കലകള്ളുടെ പരിപോഷണത്തിന് കേരള സർക്കാർ നൽകുന്ന സംഭാവനകൾ വിലയിരുത്തുക.

18 മുടിയേറ്റിലെ അനുഷ്ഠാനപരമായ ചടങ്ങുകളെക്കുറിച്ച് വിവരിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

D 11481-A (Pages : 4) Name....................................

Reg. No...................................

**THIRD SEMESTER P.G. (CBCSS) DEGREE [REGULAR] EXAMINATION NOVEMBER 2020**

(SDE)

Malayalam

MAL 3E (9)—MALAYALAM DRAMA

(2019 Admissions)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | ☐ | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

MAL 3E (9)—MALAYALAM DRAMA

Multiple Choice Questions :

1. എബ്രായക്കുട്ടി ആരുടെ നാടകം ?

(A) കൊച്ചീപ്പൻ തരകൻ.
(B) സി. അന്തപ്പായി.
(C) കൊച്ചുണ്ണി തമ്പുരാൻ.
(D) കണ്ടത്തിൽ വറുഗീസ് മാപ്പിള.

2. തോട്ടക്കാട്ട് ഇക്കാവമ്മ രചിച്ച സ്വതന്ത്ര നാടകമേത് ?

(A) ലക്ഷണാസംഗം.
(B) എബ്രായക്കുട്ടി.
(C) ചന്ദ്രമുഖീ വിലാസം.
(D) സുഭദ്രാർജ്ജുനം.

3. പ്രഹസനങ്ങളുടെ സവിശേഷ ധർമ്മം എന്തായിരുന്നു ?

(A) പാരമ്പര്യ സംരക്ഷണം.
(B) രാജസ്തുതി.
(C) സാമൂഹ്യ വിമർശനം.
(D) പാണ്ഡിത്യ പ്രദർശനം.

4. സംസ്കൃതനാടക തർജ്ജമകളെ പരിഹസിച്ചുകൊണ്ട് വടക്കൻ ചക്കി ചങ്കരം (1894) എഴുതിയതാര് ?

(A) കെ.സി. നാരായണൻ നമ്പ്യാർ.
(B) മുൻഷി രാമക്കുറുപ്പ്.
(C) ശീവൊള്ളി നമ്പൂതിരി.
(D) സി.വി. രാമൻപിള്ള.

5. സ്വന്തം വേരുകൾ തേടിയുള്ള അന്വേഷണം നടത്തുന്ന നാടകവേദി :

(A) അസംബന്ധ നാടകവേദി.
(B) തനതു നാടകവേദി.
(C) കുട്ടികളുടെ നാടകവേദി.
(D) തെരുവു നാടകവേദി.

6. 'ലുബ്ധന്റെ വീട്' ആരുടെ നാടകം ?

(A) കണ്ടത്തിൽ വറുഗീസ് മാപ്പിള.
(B) സി. അന്തപ്പായി.
(C) കൊച്ചീപ്പൻ തകരൻ.
(D) ആൻഡ്രൂസ്.

7. കറി നിറച്ച കൽച്ചട്ടിയുമായി ഇട്ടിപ്പാപ്തി വീണു പരിക്കേറ്റപ്പോൾ ഭർത്താവായ വിരൂപാക്ഷൻ നമ്പൂതിരി തിരക്കിയതെന്തായിരുന്നു ?

(A) കൽച്ചട്ടി പൊട്ട്യോ.
(B) കറി മുഴുവൻ പോയോ.
(C) ഇട്ടിപ്പാപ്തിക്ക് പരിക്കു പറ്റിയോ.
(D) വഴിയിൽ തടഞ്ഞു വീണതാണോ.

CHMK LIBRARY UNIVERSITY OF CALICUT

8. പാട്ടബാക്കി നാടകത്തിൽ ദാരിദ്ര്യം മൂലം അത്തൻകുട്ടിയുടെ പീടികയിൽ നിന്ന് അരി മോഷ്ടിക്കുന്ന കഥാപാത്രം ഏത് ?

(A) കുഞ്ഞിമാളു. (B) കിട്ടുണ്ണി.

(C) മുഹമ്മദ്. (D) ബാലൻ.

9. ചവിട്ടു നാടകം ആരുടെ സംഭാവനയാണ് ?

(A) ഇംഗ്ലീഷുകാർ. (B) പോർച്ചുഗീസുകാർ.

(C) ഫ്രഞ്ചുകാർ. (D) ഡച്ചുകാർ.

10. ക്രൈസ്തവ മതവിശ്വാസം ഊട്ടിയുറപ്പിക്കാൻ ഉപയോഗിച്ച നാടകവേദി :

(A) മൊറാലിറ്റി. പ്ലേ. (B) മിറാക്കിൾ പ്ലേ.

(C) ഇന്റർലൂഡ്. (D) മിസ്റ്ററി പ്ലേ.

11. ക്രിസ്തുവിന്റെ അവസാന നിമിഷങ്ങളെ പശ്ചാത്തലമാക്കി കൈനിക്കര കുമാരപിള്ള രചിച്ച നാടകം ഏത് ?

(A) കാല്വരിയിലെ കല്പപാദപം. (B) ആ മനുഷ്യൻ നീ തന്നെ.

(C) മറിയാമ്മാ നാടകം. (D) എബ്രായക്കുട്ടി.

12. കറക്കുകമ്പനി എന്ന പ്രഹസനം രചിച്ചതാര് ?

(A) ജഗതി എൻ.കെ. ആചാരി. (B) സി.വി. രാമൻപിള്ള.

(C) ഇ.വി. കൃഷ്ണപിള്ള. (D) പൊൻകുന്നം വർക്കി.

13. കെ.പി.എ.സി. രൂപം കൊണ്ട വർഷം :

(A) 1947. (B) 1941.

(C) 1961. (D) 1951.

14. മലയാള നാടക പ്രസ്ഥാനം എന്ന കൃതിയുടെ രചയിതാവാര് ?

(A) ഡോ. കെ. ശ്രീകുമാർ. (B) എഡി. ഹരിശർമ്മ.

(C) മടവൂർ ഭാസി. (D) കാട്ടുമാടം നാരായണൻ.

CHMK LIBRARY UNIVERSITY OF CALICUT

15. മലയാളത്തിലെ ആദ്യത്തെ എക്സ്പ്രഷണിസ്റ്റു നാടകം എന്നു കേസരി ബാലകൃഷ്ണപ്പിള്ള വിശേഷിപ്പിച്ച നാടകമേത് ?

(A) ഭൂതം. (B) സമത്വവാദി.

(C) ചന്ദ്രകാന്തം. (D) മുടിയനായ പുത്രൻ.

16. കണ്ണുള്ളത് തുറക്കാൻ മാത്രമല്ല അടയ്ക്കാൻ കൂടിയാണെന്ന് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിൽ ഊറിയാവിനെ ഓർമ്മിപ്പിച്ചതാര് ?

(A) എലിയാം. (B) ബത്ത്ശേബ.

(C) യോവാബ്. (D) ദാവീദ് രാജാവ്.

17. തുപ്പേട്ടൻ എന്നറിയപ്പെടുന്ന നാടകൃത്തിന്റെ യഥാർത്ഥ പേരെന്ത് ?

(A) സുബ്രഹ്മണ്യൻ നമ്പൂതിരി. (B) സുബ്രഹ്മണ്യൻ നായർ.

(C) സുബ്രഹ്മണ്യൻ മേനോൻ. (D) സുബ്രഹ്മണ്യൻ നമ്പീശൻ.

18. ബാലനാടകവേദിക്കായി കാരൽജന്നർ ഇംഗ്ലീഷ് തിയ്യറ്റർ സ്ഥാപിച്ച വർഷമേത് ?

(A) 1906. (B) 1947.

(C) 1948. (D) 1958.

19. ആദ്യത്തെ ചവിട്ടു നാടകമേത് ?

(A) ബുശീനാ നാടകം. (B) കാറൽമാൻ ചരിതം.

(C) അല്ലേശു നാടകം. (D) ഗീവർഗ്ഗീസ് ചരിതം.

20. സങ്കടൽ എന്ന നാടകത്തിന്റെ കർത്താവ് ആര് ?

(A) പി.എം. താജ്. (B) സി.പി. രാജശേഖരൻ.

(C) സി.എൻ. ജോസ്. (D) ജോയ് മാത്യു.

CHMK LIBRARY UNIVERSITY OF CALICUT

**D 11481** (Pages : 2) Name.......................................

Reg. No...................................

## THIRD SEMESTER M.A. DEGREE (REGULAR/SUPPLEMENTARY] EXAMINATION, NOVEMBER 2021

[November 2020 for SDE/Private Students]

(CBCSS)

Malayalam

MAL 3E (9)—MALAYALAM DRAMA

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

**General Instructions (Not applicable to SDE/Private Students)**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

### Part I

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരമെഴുതുക. (വെയ്റ്റേജ് 2 വീതം) :

1 പ്രഹസനം എന്നാലെന്ത് ? പ്രത്യേകതകൾ വിവരിക്കുക.

2 "അദ്ദേഹത്തിന്റെ കുതിരപ്പുരയുടെ വില നമ്മുടെ ഈ മേടക്കില്ലല്ലോ"—വക്താവാര് ? സൂചിതമെന്ത് ?

3 മതത്തിന്റെ പിറവി എന്തിനു വേണ്ടിയായിരുന്നു ?

4 'യുദ്ധം ഒരു രസമല്ല ; ഒരാവശ്യം മാത്രമാണ് '—വക്താവാര് ? സന്ദർഭം വിശദമാക്കുക.

5 'നശിച്ച മുതലാളിത്തത്തിന്റെ തുറുപ്പു ചീട്ടാണ് ദൈവം' ആരുടെ വാക്കുകൾ ? ഇങ്ങനെ പറയാനുണ്ടായ സാഹചര്യമെന്തായിരുന്നു ?

6 മലയാള നാടകവേദിയുടെ ചരിത്രത്തിൽ 'ഭരതവാക്യ'ത്തിനുള്ള സ്ഥാനമെന്ത് ?

7 'തറവാടിത്തം എന്നൊന്ന്ണ്ട്. അത് വിട്ടു കളിക്കുന്നോൻ അട്ടക്കുണ്ടിൽ വീണതു തന്നെ'—ആശയവും സന്ദർഭവും വിശദമാക്കുക.

(4 × 2 = 8 weightage)

Turn over

CHMK LIBRARY UNIVERSITY OF CALICUT

## Part II

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. (വെയ്റ്റേജ് 3 വീതം) :

8 പുളിമാനയുടെ 'സമത്വവാദി ' ഒരു എക്സ്പ്രഷനിസ്റ്റ് നാടകമാണോ ? വിശദമാക്കുക.

9 ഫ്യൂഡൽ വ്യവസ്ഥിതിയുടെയും യാഥാസ്ഥിതിക മനോഭാവത്തിനേറ്റ ഒരു കനത്ത ആഘാതമായി 'മറിയാമ്മ' നാടകത്തെ മാറ്റുന്നതെങ്ങനെ ?

10 സാമൂഹികാസമത്വത്തിനപ്പുറം മൂലകാരണമായ സാമ്പത്തികാസമത്വത്തെ ചൂണ്ടിക്കാണിക്കുകയാണ് 'പാട്ടബാക്കി'യിൽ—പരിശോധിക്കുക.

11 'സാകേതം' ഒരു ശാപകഥയുടെ നാടകീയാവിഷ്കാരമാണ് '—ചർച്ച ചെയ്യുക.

12 മറ്റു നാടകങ്ങളിൽ നിന്നും 'റോസ് മേരി' പറയാനിരുന്നത് ' വേറിട്ടു നില്ക്കുന്നതെങ്ങനെ ?

13 അനൗപചാരികമായ ആഖ്യാനരീതിയുടെ നാടോടി വഴക്കമാണ് കാവാലം നാടകങ്ങളുടെ പ്രത്യേകത 'അവനവൻ കടമ്പ'യെ ആസ്പദമാക്കി നിരൂപിക്കുക.

14 എക്സ്പ്രഷനിസം എന്ന നാടകപ്രസ്ഥാനം പി.എം. താജിനെ സ്വാധീനിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

(4 × 3 = 12 weightage)

## Part III

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. (വെയ്റ്റേജ് 5 വീതം) :

15 പില്ക്കാലത്ത് മലയാളത്തിലുണ്ടായ രാഷ്ട്രീയ നാടകങ്ങളുടെ ചിട്ടയിലും ക്രമത്തിലും നിന്ന് അത്യന്തം വിഭിന്നമായി നില്ക്കുന്ന നാടകമാണ് 'പാട്ടബാക്കി'—പരിശോധിക്കുക.

16 സങ്കീർണ്ണമായ മാനുഷികാവസ്ഥകളെയും മാനസിക വ്യാപാരങ്ങളെയും നാടകീയമായി ആവിഷ്കരിക്കുന്ന ഒരു രചനയാണ് 'ആ മനുഷ്യൻ നീ തന്നെ'—ചർച്ച ചെയ്യുക.

17 ആധുനികോത്തര നാടക വേദിയുടെയും സ്ത്രീനാടകവേദിയുടെയും സവിശേഷതകൾ 'ലേബർറൂം ' എന്ന നാടകത്തിൽ പ്രതിഫലിക്കുന്നുണ്ടോ ? സമർത്ഥിക്കുക.

18 മലയാള നാടക സാഹിത്യ ചരിത്രത്തിൽ പുതുവഴികൾ വെട്ടിയ രണ്ട് നാടകങ്ങളാണ് 'അപ്പുണ്ണി', 'വന്നന്ത്യേ കാണാം' എന്നിവ. ഈ നാടകങ്ങളുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 11480-A** **(Pages : 4)** **Name.....................................**

**Reg. No...................................**

**THIRD SEMESTER P.G. (CBCSS) DEGREE [REGULAR] EXAMINATION NOVEMBER 2020**

(SDE)

Malayalam

MAL 3E (8)—MEDIA STUDIES

(2019 Admissions)

| | DD | | MM | | YEAR | | | | |
|---|---|---|---|---|---|---|---|---|---|
| **Date of Examination :** | | | | | | | | | FN/AN |

**Time : 15 Minutes** **Total No. of Questions : 20**

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. Immediately after the commencement of the examination, the candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Write the Name, Register Number and the Date of Examination in the space provided.
4. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer book.
5. **Candidate should handover this Question paper to the invigilator after 15 minutes and before receiving the question paper for Part B Examination.**

CHMK LIBRARY UNIVERSITY OF CALICUT

MAL 3E (8)—MEDIA STUDIES

Multiple Choice Questions :

1. ആശയവിനിമയത്തെക്കുറിച്ചുള്ള റെട്ടറിക് മാതൃകയുടെ ഉപജ്ഞാതാവ് :

(A) ഡയോജിനസ്. (B) സോക്രട്ടീസ്.

(C) അരിസ്റ്റോട്ടിൽ. (D) പ്ലേറ്റോ.

2. ആദിവാസികളുടെയും നിരക്ഷരരുടെയും ഇടയിലെ പരമ്പരാഗത ആശയവിനിമയരീതികളെ കുറിക്കുന്ന പേര് :

(A) പബ്ലിക് റിലേഷൻ. (B) സോഷ്യൽ നെറ്റ്‌വർക്ക്.

(C) ഫോക്ലോർ. (D) ഫോക്‌മീഡിയ.

3. മാസ്‌മീഡിയ എന്നതിനു തത്തുല്യമായി പ്രചാരത്തിലുള്ള മലയാള പദം :

(A) ബഹുജന മാധ്യമം. (B) പിണ്ഡ വിനിമയം.

(C) പൊതു മാധ്യമം. (D) ജനപ്രിയ മാധ്യമം.

4. മാർഷൽ മെക്ലൂഹൻ സങ്കല്പിച്ച തരത്തിൽ പരിഗണിച്ചാൽ ഒരു ഹോട് മാധ്യമമാണ് :

(A) ടെലിവിഷൻ. (B) കാർട്ടൂൺ.

(C) ഇന്റർനെറ്റ്. (D) സിനിമ.

5. പാഠവും ദൃശ്യവും ശബ്ദവും മേളിക്കുന്ന മാധ്യമങ്ങൾക്ക് പൊതുവിൽ പറയുന്ന പേര് :

(A) ചലച്ചിത്രം (സിനിമ). (B) ബഹുമാധ്യമങ്ങൾ (മൾട്ടിമീഡിയ).

(C) ടി.വി. (ടെലിവിഷൻ). (D) കൊളാഷ്.

6. മലയാളത്തിലെ ആദ്യത്തെ പത്രപ്രസിദ്ധീകരണം :

(A) ദീപിക. (B) രാജ്യസമാചാരം.

(C) കേസരി. (D) കവനോദയം.

7. കേരളപത്ര പ്രവർത്തന ചരിത്രം എഴുതിയത് :

(A) മൂർക്കോത്തു കുമാരൻ. (B) പുതുപ്പള്ളി രാഘവൻ.

(C) ജോയ് തിരുമൂലപുരം. (D) മധു ഇറവങ്കര.

CHMK LIBRARY UNIVERSITY OF CALICUT

8. എസ്.എൻ.ഡി.പിയുടെ മുഖപത്രമായി പ്രസിദ്ധപ്പെടുത്തിയ പത്രം :

(A) വിദ്യാവിനോദിനി. (B) രസികരത്നം.

(C) വിവേകോദയം. (D) ഗ്രന്ഥാലോകം.

9. മലയാളി എന്ന ആദ്യകാല പത്രവുമായി ബന്ധപ്പെട്ട പ്രസ്ഥാനം :

(A) തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്.

(B) നായർ സർവ്വീസ് സൊസൈറ്റി.

(C) ശ്രീനാരായണധർമ്മപരിപാലനസംഘം.

(D) യൂത്ത് ലീഗ്.

10. ദൂരദർശൻ പരിപാടികൾ കളറിലേക്കു മാറിയ സന്ദർഭത്തിലെ ഇന്ത്യൻ പ്രധാനമന്ത്രി :

(A) മൊറാർജി ദേശായി. (B) ഇന്ദിരാഗാന്ധി.

(C) രാജീവ് ഗാന്ധി. (D) വി.പി. സിംഗ്.

11. ടെലിവിഷൻ ജേർണലിസം എന്ന പുസ്തകത്തിന്റെ കർത്താവ് :

(A) വി. രാജഗോപാലൻ. (B) കെ.എം. ഗോവി.

(C) എൻ.പി. രാജേന്ദ്രൻ. (D) സി.എസ്. വെങ്കിടേശ്വരൻ.

12. മലയാളത്തിലെ ആദ്യത്തെ സ്വകാര്യ ടിവി ചാനൽ :

(A) മനോരമ. (B) ഇന്ത്യാവിഷൻ.

(C) ഏഷ്യാനെറ്റ്. (D) സൂര്യ.

13. ചിഹ്നത്തിന്റെ ഡിനോട്ടേഷൻ എന്നാൽ എന്താണ് അർത്ഥമാക്കുന്നത് :

